പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 916 — 30.06. 2015 ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ . രാജേഷ് : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) മാവേലിക്കര മണ്ഡലത്തിൽ വിവിധ മേഖലകളിൽ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള അന്യ സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; | (എ) 2010 ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ മാവേലിക്കര മണ്ഡലത്തിൽ നിന്നും 290 അന്തർ സംസ്ഥാന തൊഴിലാളികൾ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) എത്ര തൊഴിലാളികൾ, ഏതൊക്കെ മേഖലകളിലാണ് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ; | (ബി) കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വമെടുത്ത അന്യസംസ്ഥാന തൊഴിലാളികളുടെ വിവരം ഇപ്രകാരമാണ്. |

| | |
| --- | --- |
| ഇഷ്ടിക നിർമ്മാണം | 174 |
| കശുവണ്ടി വ്യവസായം | 37 |
| ഭക്ഷ്യ വ്യവസായം | 3 |
| പാറ പൊട്ടിക്കൽ | 3 |
| അലൂമിനിയം ഫാബ്രിക്കേഷൻ | 4 |
| കൂലി | 48 |
| മറ്റു വ്യവസായങ്ങൾ | 21 |
| ആകെ | 290 |

| | |
| --- | --- |
| (സി) അന്യ സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (സി) വിവര ശേഖരണാർത്ഥം ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ